"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തിരുവനന്തപുരം കോർപറേഷൻ - തിരുവല്ലം സോണൽ ഓഫീസ് - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത കേസ് നമ്പർ VC 01/2024/TVM - കുറ്റാരോപിതനായ സീനിയർ ക്ലാർക്ക് ആയിരുന്ന ശ്രീ.അനിൽ കുമാർ. ആർ -ന് എതിരെ ആരംഭിച്ച അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.803/2026/LSGD തീയതി,തിരുവനന്തപുരം, 19-03-2026

പരാമർശം:-
1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26.06.2024 തീയതിയിലെ C7-(VC-1/2024/TVM) 22601/2024/DVACB നമ്പർ കത്ത്.
2. ശ്രീ.അനിൽ കുമാർ. ആർ-ന് നൽകിയ 24.10.2025 തീയതിയിലെ ഇയു4/153/2024-തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
3. ശ്രീ.അനിൽ കുമാർ. ആർ സമർപ്പിച്ച 27.11.2025 തീയതിയിലെ മറുപടി.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 10.02.2026 തീയതിയിലെ LSGD/PD/20176/2024-VIGA2 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം കോർപറേഷൻ തിരുവല്ലം സോണൽ ഓഫീസ് പരിധിയിൽ പരാതിക്കാരന്റെ പേരിൽ പുഞ്ചക്കരി തിനവിളപ്പള്ളി എന്ന സ്ഥലത്തുള്ള കടയുടെ അടുത്ത് ടിയാന്റെ പേരിലുള്ള 5 സെന്റ് വസ്തുവിന് സമീപം താമസിക്കുന്നവർ ടി വസ്തുവിന്റെ അതിര് മതിലിനോട് ചേർത്ത് കെട്ടിടം പണിഞ്ഞതിനെതിരെ തിരുവനന്തപുരം കോർപ്പറേഷന്റെ തിരുവല്ലം സോണൽ ഓഫീസിൽ പരാതി നൽകുകയും സ്റ്റേ ഓർഡർ നൽകിയെങ്കിലും എതിർകക്ഷികൾ പണി പൂർത്തീകരിക്കുകയും ചെയ്തതിനാൽ കെട്ടിടം പൊളിച്ചു മാറ്റുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ എതിർകക്ഷികൾക്ക് നിർദ്ദേശം നൽകുകയും എതിർകക്ഷികൾ അത് വിസമ്മതിച്ചതിനെ തുടർന്ന് പരാതിക്കാരൻ വീണ്ടും അസിസ്റ്റന്റ് എഞ്ചിനീയറെ കണ്ടപ്പോൾ സീനിയർ ക്ലാർക്കായ ശ്രീ.അനിൽ കുമാറിന്റെ കയ്യിലാണ് ഫയൽ എന്നറിയിച്ചതിനെ തുടർന്ന് അദ്ദേഹത്തെ സമീപിച്ച പരാതിക്കാരന് അനുകൂലമായി കാര്യങ്ങൾ ചെയ്തു നൽകുന്നതിന് 1,000/- രൂപ കൈക്കൂലി ടിയാൻ ആവശ്യപ്പെട്ടിട്ടുള്ളതും ടി വിഷയത്തിൽ ശ്രീ.അനിൽ കുമാറിനെതിരെ U/S 7 Of Pc Act 1988(Amended) പ്രകാരം VC 01/2024/TVM നമ്പരായി 24/05/2024 തീയതിയിൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തതായും വിജിലിൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പരാമർശം (1) പ്രകാരം അറിയിച്ചിരുന്നു.

2. കുറ്റാരോപിതനായ ശ്രീ.അനിൽ കുമാർ.ആർ, മേൽ വകുപ്പ് പ്രകാരമുള്ള കുറ്റം ചെയ്തിട്ടുള്ളതായി വെളിവായിട്ടുള്ളതായും കുറ്റാരോപിതനെ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ No.1271251 - 2024 തീയതി 24/05/2024 ഉത്തരവ് പ്രകാരം സർവ്വീസിൽ നിന്നും 24/05/2024 തീയതി മുതൽ പ്രാബല്യത്തിൽ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുള്ളതായും വിജിലിൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ അറിയിച്ചിരുന്നു. സസ്പെൻഷനിൽ തുടരവെ ശ്രീ. അനിൽകുമാർ ആർ 31.05.2024 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതാണെന്നും ടിയാനെതിരെ വകുപ്പുതലത്തിൽ അച്ചടക്കനടപടികൾ ആരംഭിച്ചിട്ടില്ലാത്തതാണെന്നും പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടില്ല എന്നും ആയതിനാൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ള സീനിയർ ക്ലാർക്ക് ശ്രീ. അനിൽകുമാറിനെതിരെ സർക്കാർ തലത്തിൽ കെ.എസ്.ആർ ഭാഗം III പ്രകാരം അച്ചടക്കനടപടി ആരംഭിക്കുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

3. തുടർന്ന് കുറ്റാരോപണവിധേയമായ സംഭവം നടന്ന് നാല് വർഷം പിന്നിട്ടിട്ടില്ലാത്തതിനാൽ 31.05.2024 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. അനിൽകുമാർ ആർ-ന് എതിരെ കെ.എസ്.ആർ ഭാഗം III, ചട്ടം 3(ബി) പ്രകാരം അച്ചടക്കനടപടി

നടപടി ആരംഭിച്ച് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. തുടർന്ന് കാരണം കാണിക്കൽ നോട്ടീസിന്, ടിയാൻ പരാമർശം (3) പ്രകാരം സർക്കാരിൽ നേരിട്ട് സമർപ്പിച്ച മറുപടിയിൻമേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം, ശ്രീ. അനിൽകുമാർ ആർ സമർപ്പിച്ച മറുപടിയുടെയും പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ. അനിൽകുമാർ ആർ സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാലും മറുപടി സാധൂകരിക്കത്തക്കതായി രേഖകൾ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ലാത്തതിനാലും കെ.എസ്.ആർ ഭാഗം III, ചട്ടം 3(ബി) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തുടരാവുന്നതാണെന്നും അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി KCS (CC&A) Rule ചട്ടത്തിലെ 15 (b) പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തേണ്ടതുമുണ്ടെന്ന് കാണുന്നു.

5. ആയതിനാൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത കേസ് നമ്പർ VC 01/2024/TVM -ൽ അറസ്റ്റിലായി സസ്പെൻഷനിൽ തുടരവെ 31.05.2024 തീയതിയിൽ സേവനത്തിൽ നിന്നും വിരമിച്ച തിരുവനന്തപുരം കോർപറേഷൻ തിരുവല്ലം സോണൽ ഓഫീസിലെ സീനിയർ ക്ലാർക്ക് ആയിരുന്ന ശ്രീ.അനിൽ കുമാർ. ആർ-ന് എതിരെ കെ.എസ്.ആർ ഭാഗം III, ചട്ടം 3(ബി) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഇന്റേണൽ വിജിലൻസ് ഓഫീസർ ശ്രീ.അബുഫൈസൽ.കെ - യെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

6. അന്വേഷണ ഉദ്യോഗസ്ഥൻ ടി വിഷയത്തിൽ അന്വേഷണം നടത്തി 30 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ശ്രീ.അബുഫൈസൽ.കെ, ഇന്റേണൽ വിജിലൻസ് ഓഫീസർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
ശ്രീ.അനിൽ കുമാർ. ആർ, മുൻ സീനിയർ ക്ലാർക്ക് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/153/2024-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 21-03-2026 11:16:15
സെക്ഷൻ ഓഫീസർ